"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്ലാനിംഗ് വിഭാഗം - ജീവനക്കാര്യം - ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ റേഷ്യോ അധിഷ്ഠിത ഹയർഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.2008/2024/LSGD തീയതി,തിരുവനന്തപുരം, 22-10-2024

---

പരാമർശം:-

1. 10.02.2021 തീയതിയിലെ സ.ഉ(പി) നം.27/2021/ധന നമ്പർ ഉത്തരവ്.
2. 21.11.2022 തീയതിയിലെ സ.ഉ(സാധാ) നം.2881/2022/തസ്വഭവ നമ്പർ ഉത്തരവ്.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 01.08.2024 തീയതിയിലെ LSGD/PD/16800/2024-DEH3 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ്, പ്ലാനിംഗ് വിഭാഗത്തിൽ ഡെപ്യൂട്ടി പ്ലാനർ തസ്തികയിൽ ആകെ തസ്തികയുടെ 1 / 3 ജീവനക്കാർക്ക് പരാമർശം (1) ലെ ഉത്തരവ് പ്രകാരം റേഷ്യോ അധിഷ്ഠിത ഹയർ ഗ്രേഡ് അനുവദിച്ചിട്ടുണ്ടെന്നും, നിലവിൽ വകുപ്പിൽ 5 1 ടൗൺ പ്ലാനർ തസ്തികയാണുള്ളതെന്നും ആയതിന്റെ 1/3 ആയ 17 ഡെപ്യൂട്ടി ടൗൺ പ്ലാനർമാർക്ക് റേഷ്യോ അധിഷ്ഠിത ഹയർ ഗ്രേഡിന് അർഹതയുണ്ടെന്നും, പരാമർശം (2) പ്രകാരം സീനിയോറിറ്റി ലിസ്റ്റിൽ ക്രമനമ്പർ 2 0 വരെയുള്ളവർക്ക് റേഷ്യോ അധിഷ്ഠിത ഹയർ ഗ്രേഡ് അനുവദിച്ചിട്ടുള്ളതായും, അവരിൽ 9 പേർക്ക് ടൗൺ പ്ലാനർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചത് വഴിയും, 31/05/2024 ൽ ഒരാൾ വിരമിച്ചത് മൂലവും ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലെ ഹയർഗ്രേഡിൽ ആകെ 10 ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ടെന്നും ഈ സാഹചര്യത്തിൽ ടി ജീവനക്കാർക്ക് ശേഷം സീനിയോറിറ്റി ലിസ്റ്റിൽ തുടർച്ചയായി വരുന്ന 10 ഡെപ്യൂട്ടി ടൗൺ പ്ലാനർമാർക്ക് 63700-123700 ശമ്പള സ്കെയിലിൽ റേഷ്യോ അധിഷ്ഠിത ഹയർ ഗ്രേഡ് അനുവദിക്കണമെന്നും പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ

ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗത്തിൽ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ചുവടെ പരാമർശിക്കുന്ന 10 ജീവനക്കാർക്ക്, ടി പേരുകൾക്കൊപ്പം പ്രതിപാദിച്ചിരിക്കുന്ന തീയതി പ്രാബല്യത്തിൽ, X I -ാം പേ റിവിഷൻ ഉത്തരവിലെ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ആകെയുള്ള ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയുടെ 1/3 -ൽ അധികരിക്കരുത് എന്ന നിബന്ധനയോടും, കെ.എസ്.ആർ. ഭാഗം I , റൂൾ 23 (ഡി) പ്രകാരം ഹയർ ഗ്രേഡ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് തീയതി മുതൽ പരമാവധി ഒരു വർഷം മുൻപ് വരെ മാത്രമേ സാമ്പത്തികാനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ എന്ന വ്യവസ്ഥയിലും ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ 63700-123700 ശമ്പള സ്കെയിലിൽ റേഷ്യോ അധിഷ്ഠിത ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേര് | റേഷ്യോ അധിഷ്ഠിത ഹയർ ഗ്രേഡിന് അർഹമായ തീയതി |
|---|---|---|
| 1 | പി.ജി പ്രദീപ് കുമാർ | 2/11/2022 |
| 2 | രഞ്ജിത്ത് കെ.എസ് | 2/11/2022 |
| 3 | മനോജ്കുമാർ കെ. ബി | 17/3/2024 |
| 4 | അരുൺ ജോസഫ് | 17/3/2024 |
| 5 | മഞ്ജു എ.കെ | 17/3/2024 |
| 6 | സുധീർ പി. സുകുമാർ | 17/3/2024 |
| 7 | സൂരജ് റ്റി.സി | 17/3/2024 |
| 8 | മഞ്ജു ജോൺ | 17/3/2024 |
| 9 | സിബിൻ രാജൻ | 17/3/2024 |
| 10 | അജി ബഷീർ | 01/06/2024 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഷറഫ് എ
അണ്ടർ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2. ചീഫ് ടൗൺ പ്ലാനർ, , തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), കേരള, തിരുവനന്തപുരം
5. വെബ്&ന്യൂ മീഡിയ, ഐ.& പി.ആർ.ഡി
6. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (EWB3/164/2024/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Keerthi J P
സെക്ഷൻ ഓഫീസർ
Date: 22-10-2024 11:57:08